ഖുത്ബ
18.5.2007
ബയ്ത്തുൽ ഫുതൂഹ്, ലണ്ടൻ

# 'അസ്സലാം'- സമാധാന സമ്രാട്ട് (2)

ഹദ്‌റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ദൈവത്തെ തിരിച്ചറിയുന്നതിനും ദൈവത്തെ ഭയപ്പെടുന്നതിനുമുള്ള ഒരു മാർഗ്ഗമായ മതം ദാനം ചെയ്ത ഉദാരനായ ആ അല്ലാഹുവിന് ആയിരമായിരം നന്ദി. (അതായത് മതം, അല്ലാഹുവിനെ തിരിച്ചറിയുന്നതിനും, അല്ലാഹുവിനെ ഭയപ്പെടുന്നതിനും, തഖ്‌വ സ്വായത്തമാക്കുന്നതിനുമുള്ള ഒരു വഴിയാണ്.) ഇത്തരം ഒന്നിന്റെ ഉദാഹരണം ഒരിക്കലും ഒരുകാലത്തും ഉണ്ടായിട്ടില്ല. നിഷ്‌ക്കളങ്കനായ ആ നബിയുടെമേൽ ആയിരക്കണക്കിന് അനുഗ്രഹം ഉണ്ടാകുമാറാകട്ടെ. അദ്ദേഹത്തിന്റെ മധ്യവർത്തിത്വത്തിലൂടെയാണ് നാം ഈ പരിശുദ്ധമതത്തിൽ പ്രവേശിച്ചത്. ആയിരക്കണക്കിന് കാരുണ്യം ഉദാരനായ നബി(സ)യുടെ സ്വഹാബത്തിന്റെമേൽ ഉണ്ടാവട്ടെ. അവർ തങ്ങളുടെ ദുആ കൊണ്ട് ഇക്കാര്യത്തെ നനച്ചുവളർത്തി. ആരെങ്കിലും സത്യസന്ധമായ നിലയിൽ ഇസ്‌ലാമിന്റെ നിയമങ്ങൾ സ്വീകരിക്കുകയും, അല്ലാഹുവിന്റെ പരിശുദ്ധഗ്രന്ഥമായ വിശുദ്ധഖുർആനിൽ രേഖപ്പെട്ടുകിടക്കുന്ന അധ്യാപനങ്ങളും സന്മാർഗ്ഗങ്ങളും വസിയത്തുകളും അനുസരിച്ച് പ്രവർത്തിക്കുകയും ചെയ്താൽ ഈ ലോകത്ത് അവൻ ദൈവത്തെ കാണുന്നതാണ്. അങ്ങനെ അനുഗൃഹീതവും ദൈവത്തെ കാണിക്കുന്നതുമായ മതമാണ് ഇസ്‌ലാം."

ദൈവത്തെ കാണിക്കുന്ന മതത്തിൽനിന്ന് അനുഗ്രഹം തേടുന്നതിന് സത്യസന്ധമായ നിലയിൽ അതിനെ അനുസരിക്കേണ്ടതായിവരും. സത്യസന്ധമായ നിലയിൽ എങ്ങനെയാണ് അനുസരിക്കാൻ കഴിയുക. ഇതുസംബന്ധമായി അവിടന്ന് പറയുന്നു: "വിശുദ്ധഖുർആനിൽ രേഖപ്പെട്ടുകിടക്കുന്ന അധ്യാപനങ്ങളും സന്മാർഗ്ഗങ്ങളും വസിയത്തുകളും അനുസരിച്ച് പ്രവർത്തിക്കണം." പരിപൂർണ്ണമായും അതനുസരിച്ച് പ്രവർത്തിക്കേണ്ടിവരും. ഈ സന്മാർഗ്ഗങ്ങളും ഈ കല്പനകളും ഹദ്‌റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ, 500, ഒരിടത്ത് പറഞ്ഞത് 700 ഉണ്ട്. അത് വിശുദ്ധഖുർആനിൽ വിവിധ സ്ഥലങ്ങളിൽ വ്യാപിച്ചുകിടക്കുന്നു. അതിന്റെ കൂടുതൽ പിരിവുകളിലേക്ക് പോയാൽ ഒരുപക്ഷേ, ഇതിലും കൂടുതൽ ആകുന്നതാണ്. എന്തായാലും, അല്ലാഹു നമ്മുടെ ഈ മഹത്തായ മതത്തിന്റെ പേര് ഇസ്‌ലാം എന്ന് വെച്ചിരിക്കുന്നു. കാരണം, വിശുദ്ധഖുർആനിൽ അല്ലാഹു നമുക്ക് നല്കിയിരിക്കുന്ന ഒരോ കല്പനയുടെയും അന്തിമഫലം സമാധാനം, സ്നേഹം, മൈത്രി, സാഹോദര്യത്തിന്റെ സ്ഥാപനം, എല്ലാ തിന്മകളും ഉപേക്ഷിക്കൽ, കഠിനപരിശ്രമത്തിലൂടെ അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കലാണ്. ഇക്കാര്യങ്ങളാണ് അല്ലാഹുവിനെ നമുക്ക് കാണിച്ചുതരുന്നത്. ആ അല്ലാഹുവിന്റെ പേരും 'അസ്സലാം' എന്നാണ്. അവൻ നമ്മുടെ ദൈവമാണ്. സൽക്കർമ്മങ്ങൾ ചെയ്യുന്ന കാരണത്താൽ ഓരോ സത്യവിശ്വാസിയോടും അവൻ രക്ഷ വാഗ്ദാനം ചെയ്യുന്നു. ഈ ലോകത്തും മരണത്തിനു ശേഷമുള്ള പരലോകജീവിതത്തിലും. ചിന്തിക്കുകയാണെങ്കിൽ, മുസ്‌ലിമായതിനുശേഷം ഒരു വലിയ ഉത്തരവാദിത്തബോധമാണ് പൊന്തിവരുന്നത്. പൊന്തിവരേണ്ടതുമാണ്. അല്ലാഹു നമ്മെ, അവന്റെ സ്വന്തം പേരുകൊണ്ട് വിളിക്കുന്നു. ഇത്, തീർച്ചയായും നമ്മൾ നമ്മെ മുസ്‌ലിംകൾ എന്നു പറഞ്ഞതിനുശേഷം 'അൽഹംദുലില്ലാഹ്, ഞാൻ മുസ്‌ലിമാണ്' എന്ന് വായകൊണ്ട് പറയുന്നതിൽ മാത്രം ഒതുങ്ങിനില്ക്കരുതെന്നാണ് വിളിച്ചോതുന്നത്. പ്രത്യുത, അല്ലാഹുവിന്റെ സവിശേഷഗുണങ്ങൾ സ്വായത്തമാക്കാൻവേണ്ടി ശ്രമിക്കേണ്ടതാണ്. അപ്പോഴാണ് ഇസ്‌ലാമിന്റെ അനുഗ്രഹത്തിൽനിന്നും, സലാം എന്ന മഹനീയഗുണത്തിൽനിന്നും അനുഗ്രഹം തേടാൻ കഴിയുന്നത്.

ഹദ്‌റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. "മുൻകൂർ എന്ന നിലയിൽ ഒരു വസ്തു വിലയ്ക്കു കൊടുക്കുന്നതിനാണ് അറബിഭാഷയിൽ ഇസ്‌ലാം എന്നു പറയുന്നത്. അല്ലെങ്കിൽ ആരെയെങ്കിലും തന്റെ ജോലി ഏല്പിക്കുക. അല്ലെങ്കിൽ രഞ്ജിപ്പിന്നായി അഭ്യർത്ഥിക്കുക. അല്ലെങ്കിൽ ഏതെങ്കിലും കാര്യമോ വൈരാഗ്യമോ ഉപേക്ഷിക്കുക. ഇസ്‌ലാം എന്ന പദത്തിന്റെ സാങ്കേതികമായ അർത്ഥം, ***ബലാമൻ അസ്‌ലമ വജഹഹൂ ലില്ലാഹി വഹുവ മുഹ്സിനുൻ, ഫലഹൂ അജ്റുഹൂ ഇൻദ റബ്ബിഹീ വലാഖൗഫുൻ അലയ്ഹിം വലാഹുംയഹ്സനൂൻ*** എന്ന വചനത്തിൽ സൂചിപ്പിച്ചിരിക്കുന്നതു തന്നെയാണ്. അതാ

യത്, അല്ലാഹുവിന്റെ വഴിയിൽ തന്റേതായ എല്ലാം അർപ്പിക്കുന്നവനാണ് മുസ്‌ലിം. അതായത്, തന്നെ അല്ലാഹുവിനും അവന്റെ തീരുമാനങ്ങൾ അനുസരിക്കുന്നതിനും, അവന്റെ തൃപ്തി കരസ്ഥമാക്കുന്നതിനും വേണ്ടി സമർപ്പണം ചെയ്യുക. പിന്നീട് അല്ലാഹുവിനുവേണ്ടി സൽക്കർമ്മങ്ങളിൽ നിലകൊള്ളുക. തന്റെ എല്ലാ കർമ്മപരമായ ശക്തികളും അവന്റെ വഴിയിൽ ചെലവഴിക്കുകയും ചെയ്യുക (2:113). ഇതിന്റെ ഉദ്ദേശ്യം, വിശ്വാസപരവും കർമ്മപരവുമായ നിലയിൽ വെറും അല്ലാഹുവിന്റേതായിത്തീരുക എന്നതാണ്. വിശ്വാസപരമായ നില എന്താണെന്നു വെച്ചാൽ, അല്ലാഹുവിനെ തിരിച്ചറിയുന്നതിനും അവനെ അനുസരിക്കുന്നതിനും അവനെ സ്നേഹിക്കുന്നതിനും അവന്റെ തൃപ്തി കരസ്ഥമാക്കുന്നതിനും വേണ്ടിമാത്രമാണ് തന്നെ സൃഷ്ടിച്ചിട്ടുള്ളതെന്ന് മനുഷ്യൻ മനസ്സിലാക്കുക എന്നതാകുന്നു. കർമ്മപരമായ നില എന്താണെന്നുവെച്ചാൽ, ഓരോ ശക്തിയ്ക്ക് ചേർന്നതും ദൈവദത്തമായ ഓരോ കഴിവുമായി ബന്ധപ്പെട്ടതുമായ യഥാർത്ഥ നന്മകൾ തന്റെ അനുസരണത്തിന്റെ കണ്ണാടിയിൽ തന്റെ യഥാർത്ഥ ആരാധ്യന്റെ മുഖം കണ്ടുകൊണ്ടിരിക്കുന്നു എന്ന നിലയിൽ പരിപൂർണ്ണമായും അല്ലാഹുവിനുവേണ്ടി മാത്രം ചെയ്യുക.

വിശുദ്ധഖുർആനിൽ സലാമത്ത് അഥവാ രക്ഷയെ എടുത്തുപറഞ്ഞുകൊണ്ട് വിവിധ ഉപദേശങ്ങളുമുണ്ട്. സൽക്കർമ്മം പ്രവർത്തിക്കുന്നവർക്കായി രക്ഷയെക്കുറിച്ചും പറഞ്ഞിട്ടുണ്ട്. ഖസ്വസ് എന്ന അധ്യായത്തിൽ അല്ലാഹു പറയുന്നു:

وَإِذَا سَمِعُوا اللَّغْوَ أَعْرَضُوا عَنْهُ وَقَالُوا لَنَا أَعْمَالُنَا وَلَكُمْ أَعْمَالُكُمْ سَلَامٌ عَلَيْكُمْ لَا نَبْتَغِي الْجَاهِلِينَ ۝٥٦

"അവർ വ്യർത്ഥമായ വാക്ക് കേട്ടാൽ അതിൽനിന്ന് ഒഴിഞ്ഞുമാറുന്നു. അവർ പറയുന്നു: ഞങ്ങൾക്ക് ഞങ്ങളുടെ ജോലിയുണ്ട്. നിങ്ങൾക്ക് നിങ്ങളുടെ ജോലിയുണ്ട്. നിങ്ങൾക്ക് സലാം. അവിവേകികളുമായി ബന്ധപ്പെടാൻ ഞങ്ങളാഗ്രഹിക്കുന്നില്ല."(28:56)

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ, അല്ലാഹുവിന്റെ തീരുമാനം അനുസരിക്കുന്നതിനും, തൃപ്തി കരസ്ഥമാക്കുന്നതിനും വേണ്ടി തങ്ങളെ സമർപ്പിക്കുക. വ്യർത്ഥമായ കാര്യങ്ങൾക്കുള്ള മറുപടി വ്യർത്ഥമായ കാര്യങ്ങൾകൊണ്ട് നല്കാതിരിക്കുന്നതിലാണ് അല്ലാഹുവിന്റെ തൃപ്തി. അഹ്മദി സമാധാനം പരത്തുന്നവരാണ്. അതുകൊണ്ട് ഇക്കാര്യങ്ങളിൽനിന്ന് രക്ഷപ്പെടുക. ചില ഖുർആൻ വ്യാഖ്യാതാക്കൾ പറഞ്ഞിരിക്കുന്നു, 'സലാമുൽ അലയ്ക്കും' നിങ്ങൾക്കു സലാം, എന്നത് അവിവേകികൾക്കു വേണ്ടി പ്രാർത്ഥിക്കുക എന്ന അർത്ഥത്തിലല്ല വരുന്നത്, അവരിൽനിന്ന് രക്ഷപ്പെടുക എന്നർത്ഥത്തിലാണ്. അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടിയാണ് രക്ഷപ്പെടുന്നത്. നിങ്ങളെപ്പോലുള്ള ചീത്ത കാര്യങ്ങൾ ഞങ്ങൾ ചെയ്യുകയില്ല. ഞങ്ങൾ നിങ്ങളിൽനിന്ന് രക്ഷപ്പെട്ട് മാറിനില്ക്കുകയാണ്. നിങ്ങൾ ചീത്തവിളിക്കുകയും നിയമം ലംഘിക്കുകയും ചെയ്യുന്നുവെങ്കിൽ ഇത് നിങ്ങളുടെ പ്രവൃത്തിയാണ്. ഞങ്ങളോട് കല്പിക്കപ്പെട്ടിരിക്കുന്നത് ഈ ഫസാദിൽനിന്ന് രക്ഷപ്പെടുക എന്നാണ്. അതുകൊണ്ട് അഹ്മദികൾ ഒരിടത്തും നിയമം കൈയിലെടുക്കാറില്ല. നിയമം ലംഘിച്ച് മറുപടി നല്കാറുമില്ല. ഇത് ചെയ്യുന്നത്, വ്യർത്ഥമായ കാര്യങ്ങളിൽനിന്ന് രക്ഷപ്പെടുക എന്ന കല്പനയനുസരിച്ചാണ്. അവരോട് പറയുക, അല്ലാഹുവിന്റെയും റസൂലിന്റെയും പേരിൽ നിങ്ങൾ ചെയ്യുന്ന കാര്യങ്ങളിൽനിന്ന് ഞങ്ങൾ രക്ഷപ്പെടുന്നത്, അത് അല്ലാഹുവിന്റേയും റസൂലിന്റേയും കല്പനയല്ലാത്തതുകൊണ്ടാണ്. ഞങ്ങൾ എന്തെങ്കിലും ഭീരുത്വം കൊണ്ടല്ല മാറിനില്ക്കുന്നത്. ഇതിനു മറുപടി തരാൻ കഴിയാത്തതുകൊണ്ടുമല്ല. മറിച്ച്, നിയമം കൈയിലെടുത്ത്, നിങ്ങളെപ്പോലെ പ്രവൃത്തിച്ച് ഞങ്ങളും അസ്സമാധാനം പരത്തുന്നവരാകാൻ ഞങ്ങളില്ല. നിങ്ങളുടെ മാതിരിയുള്ള ജനങ്ങളിൽ ഉൾപ്പെടാൻ ഞങ്ങളാഗ്രഹിക്കുന്നില്ല. നിങ്ങൾ അകപ്പെട്ടുകിടക്കുന്ന വ്യർത്ഥമായ കാര്യങ്ങളിൽ അകപ്പെടാൻ ഞങ്ങളാഗ്രഹിക്കുന്നില്ല. നിങ്ങൾ അവിവേകികളാണ്. അതുകൊണ്ട് നിങ്ങൾ നബി(സ) തിരുമേനിയുമായി ബന്ധപ്പെട്ടവരായിട്ടും, കാലത്തിന്റെ ഇമാമിനെ തിരിച്ചറിഞ്ഞില്ല. ഞങ്ങൾ ആ ഇമാമിനെ വിശ്വസിച്ചതുകൊണ്ട്, വിശുദ്ധഖുർആന്റെ പാഠമനുസരിച്ച്, കാലത്തിന്റെ ഇമാം ഞങ്ങളെ ഉപദേശിച്ചതനുസരിച്ച് പ്രവൃത്തിക്കുന്നവരാണ് ഞങ്ങൾ.

ഇപ്പോൾ ശ്രീലങ്കയിലും ജമാഅത്തിന്നെതിരിൽ കഠിനമായ എതിർപ്പുണ്ടായിക്കൊണ്ടിരിക്കുന്നു. ഒരു മുല്ലായുടെ പിന്നാലെകൂടി, കലഹക്കാരുടെ ഒരു സംഘം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. നിങ്ങളുടെ ധാരണയിൽ ഇത് ഇസ്‌ലാമിക സേവനമാകാം. പക്ഷേ, ഇത് നിങ്ങളുടെ തോന്നൽ മാത്രമാണ്. യഥാർത്ഥത്തിൽ അല്ലാഹുവിന്റെ ശാപമാണ് നിങ്ങൾ വലിച്ചു തലയിൽ വയ്ക്കുന്നത്. കലിമ ചൊല്ലുന്ന

വൻ കാഫിർ എന്ന് മുദ്ര കുത്തുക. അവനെ ബുദ്ധി മുട്ടിക്കുക. അടിയും പൊളിയും നടത്തുക. ഇതെല്ലാം നിങ്ങൾ അല്ലാഹുവിന്റെ സമാധാനത്തിൽനിന്ന് നിങ്ങളെ പുറത്തുചാടിക്കുകയാണ്. അഹ്മദികളായ ഞങ്ങൾ ഇസ്‌ലാമിനെ പ്രചരിപ്പിക്കുന്നവരാണ്. സമാധാനം കാംക്ഷിക്കുന്ന ഓരോരുത്തർക്കും, നിങ്ങളെപ്പോലുള്ള നിയമം ലംഘിക്കുന്നവരിൽനിന്നും തിന്മ പ്രചരിപ്പിക്കുന്നവരിൽനിന്നും രക്ഷപ്പെടുന്നവർക്കും ഒപ്പമാണ് ഞങ്ങൾ. നിങ്ങളെപ്പോലുള്ളവരിൽനിന്ന് ഒഴിഞ്ഞുനില്ക്കുന്നവരാണ് ഞങ്ങൾ. ഒരു ഹദീസിൽ വന്നിരിക്കുന്നു. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദ്(റ) വിവരിക്കുന്നു, നബികരീം(സ) പറഞ്ഞു. അല്ലാഹുവിന്റെ പേരുകളിൽ ഒരു പേരാണ് 'സലാം' എന്നത്. അല്ലാഹു അതിനെ ഭൂമിയിൽ വെച്ചിരിക്കുന്നു. അതുകൊണ്ട് നിങ്ങളുടെ ഇടയിൽ നിങ്ങൾ അതിനെ പ്രചരിപ്പിക്കുക.

മുസ്‌ലിമായ ഒരാൾ ഒരു ജനതയുടെ അടുത്തൂടെ കടന്നുപോകുമ്പോൾ, അയാൾ അവർക്ക് സലാം പറയട്ടെ. അവർ മറുപടി തരികയാണെങ്കിൽ, അയാൾക്ക് ശ്രേഷ്ഠതയായി ഒരു പദവി കൂടുതൽ കിട്ടും. കാരണം അയാൾ അവരെ സലാം പറയുന്നത് ഓർമ്മിപ്പിച്ചു. അവർ അതിന് മറുപടി പറഞ്ഞിട്ടില്ലെങ്കിൽ, അവരേക്കാൾ ഉന്നതരായവർ അയാൾക്ക് മറുപടി നല്കും. അതുകൊണ്ട് ഏതെങ്കിലും വിഭാഗത്തിൽ പ്പെട്ടവരോ ഏതെങ്കിലും വ്യക്തിയോ നമ്മുടെ സലാമിന് ഉത്തരം പറയാതെ, വ്യർത്ഥമായ കാര്യങ്ങൾ പുലമ്പുകയാണെങ്കിൽ നമുക്ക് അല്ലാഹുവിൽനിന്നും അല്ലാഹുവിന്റെ മലക്കുകളിൽനിന്നും അത് സലാം എത്തിക്കുന്നതാണ്. ആർക്കാണോ അല്ലാഹു സ്വയം  എത്തിക്കുന്നത്, അവൻ അത് സ്വീകരിക്കുകയും ചെയ്യുന്നു. അല്ലാഹുവിനുവേണ്ടി ക്ഷമിക്കുന്നവർക്ക് അല്ലാഹു എങ്ങനെയാണ് സലാം അയക്കുന്നത്. വിശുദ്ധഖുർആനിൽ പറയുന്നു:

جَنّٰتُ عَدۡنٍ يَّدۡخُلُوۡنَهَا وَمَنۡ صَلَحَ مِنۡ
اٰبَآئِهِمۡ وَاَزۡوَاجِهِمۡ وَذُرِّيّٰتِهِمۡ
وَالۡمَلٰٓئِكَةُ يَدۡخُلُوۡنَ عَلَيۡهِمۡ مِّنۡ كُلِّ بَابٍ ﴿۲۴﴾
سَلٰمٌ عَلَيۡكُمۡ بِمَا صَبَرۡتُمۡ فَنِعۡمَ
عُقۡبَى الدَّارِ ﴿۲۵﴾

അതായത്, ശാശ്വതനിവാസത്തിനുള്ള ഉദ്യാനങ്ങൾ. അതിൽ അവർ പ്രവേശിക്കുന്നതാണ്. അവരുടെ മാതാപിതാക്കന്മാർ, അവരുടെ ഭാര്യാഭർത്താക്കന്മാർ, അവരുടെ സന്താനങ്ങൾ എന്നിവരിൽ നിന്നും സൽക്കർമ്മം ചെയ്ത എല്ലാവരും (അതിൽ പ്രവേശിക്കുന്നതാണ്.) മലക്കുകൾ എല്ലാ വാതിലുകളിലൂടെയും അവരുടെയടുക്കൽ പ്രവേശിക്കും. (അവർ ആശംസകളർപ്പിച്ചുകൊണ്ടു പറയും) 'നിങ്ങൾ സ്ഥിരത കൈക്കൊണ്ട കാരണത്താൽ നിങ്ങൾക്ക് സമാധാനം' അപ്പോൾ അന്തിമഗൃഹം എത്രമാത്രം വിശിഷ്ടം. (13:24,25)

മലക്കുകൾ എല്ലാ വാതിലുകളിലൂടെയും പ്രവേശിച്ച് സലാം പറയുക എന്നത് സത്യവിശ്വാസികളുടെ ക്ഷമ അല്ലാഹുവിന്റെ ദൃഷ്ടിയിൽ സ്വീകരിക്കപ്പെട്ടു എന്നതിന് തെളിവാണ്. അല്ലാഹുവിന്റെ തൃപ്തിയ്ക്കായി ക്ഷമ കൈക്കൊണ്ട കാരണത്താലാണ് അത് സ്വീകരിക്കപ്പെട്ടത്. ഈ ക്ഷമ കാരണത്താൽ അവരുടെ നന്മകളും വിളങ്ങുന്നതായിരിക്കും. അല്ലാഹു തന്റെ തൃപ്തിയുടെ എല്ലാ വാതിലുകളും തുറന്നു. അതുകൊണ്ട് ഈ ക്ഷമ ഏതെങ്കിലും അന്യ ദൈവങ്ങളെ ഭയന്നുകൊണ്ടാകരുത്. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനുവേണ്ടിയായിരിക്കണം. അത് അല്ലാഹുവിന്റെ തിരുസന്നിധിയിൽ സ്വീകരിക്കപ്പെടുന്നു. അതിന് ദാസർക്ക് പ്രതിഫലം ലഭിക്കുന്നു. അല്ലാഹുവിന്റെ ദാസർക്ക് എത്തിച്ചുകൊണ്ടിരിക്കുന്ന ഈ സലാം, ശാശ്വതമായ രക്ഷയുടെ സന്ദേശമാണ് നല്കുന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ, ഇത് അല്ലാഹുവിന്റെ വഴിയിൽ തന്നെ സമർപ്പണം ചെയ്യുന്ന കാരണത്താലാണ്. അതുകൊണ്ട്, അഹ്മദിയ്യത്തിന്റെ എതിരാളികൾ, അവരെ പേടിപ്പിച്ചും ഭീഷണിപ്പെടുത്തിയും അവരുടെ ദീനിൽനിന്ന് അകറ്റാമെന്ന് ധരിക്കുന്നുവെങ്കിൽ അത വരുടെ വ്യാമോഹമാണ്. അത് ശ്രീലങ്കയിലെ ഗവർണ്ണറായ അൽവി സാഹിബാകട്ടെ, പാക്കിസ്ഥാനിലെ മുല്ലാക്കളാവട്ടെ- അവരുടെ ദീൻ വെറും കലഹമാണ്. അല്ലാതെ കാരുണ്യവും സമാധാനവുമല്ല- അല്ലെങ്കിൽ ഇന്തോനേഷ്യയിലെ ഭീകരവാദികളാവട്ടെ- അവർ ഇസ്‌ലാമിന്റെ പേരിൽ മുസ്‌ലിംകളെ ബുദ്ധിമുട്ടുകളിൽ അകപ്പെടുത്തിയിരിക്കുകയാണ്. അല്ലാഹുവിന്റെ കല്പനകൾ നടപ്പിൽ വരുത്തുവാൻ പരിശ്രമിച്ചുകൊണ്ടിരിക്കുന്ന മുസ്‌ലിംകളെ- ആരായാലും വേണ്ടില്ല, ജമാഅത്തിനെ തകർക്കാമെന്നുള്ളത് അവരുടെ വ്യാമോഹമാണ്. നമ്മൾ ഇൻശാഅല്ലാഹ്, നിയമം കൈയിലെടുക്കുകയില്ല. അഹ്മദികൾ ഒരിക്കലും നിയമം കൈയിലെടുത്തിട്ടുമില്ല. പക്ഷേ, അവർ ക്ഷമിച്ചതിനുള്ള ഫലം അടുത്തലോകത്ത്

കിട്ടുമെന്നുള്ള സന്തോഷവാർത്ത ഈ ലോകത്തും അല്ലാഹു നടപ്പിലാക്കിക്കൊടുക്കുന്നതാണ്. അതായത്, സമാധാനം എത്തിച്ചുകൊണ്ടിരിക്കുന്നതാണ്. അവർ എത്തിച്ചുകൊണ്ടിരിക്കുന്നു. അല്ലാഹു തന്റെ സംരക്ഷണത്തിൽ അവരെ വയ്ക്കുന്നു. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനായി, വിശുദ്ധ ഖുർആന്റെ കല്പനകൾക്ക് വിധേയരായി സൽക്കർമ്മം ചെയ്യാൻ പരിശ്രമിക്കുന്ന സത്യവിശ്വാസികൾക്ക്- അതിൽ സൃഷ്ടികളോടും അല്ലാഹുവിനോടുമുള്ള കടപ്പാടുകളുമുണ്ട്- എപ്പോഴും സമാധാനം നല്കപ്പെട്ടുകൊണ്ടിരിക്കുന്ന ജനത്തിനെ സംബന്ധിച്ചും സുവാർത്ത നല്കുന്നു. പറയുന്നു:

وَاُدۡخِلَ الَّذِيۡنَ اٰمَنُوۡا وَعَمِلُوا الصّٰلِحٰتِ
جَنّٰتٍ تَجۡرِىۡ مِنۡ تَحۡتِهَا الۡاَنۡهٰرُ
خٰلِدِيۡنَ فِيۡهَا بِاِذۡنِ رَبِّهِمۡ ؕ تَحِيَّتُهُمۡ فِيۡهَا
سَلٰمٌ ﴿۲۴﴾

വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരാരോ അവർ താഴോരത്തുകൂടി അരുവികൾ ഒഴുകുന്ന ഉദ്യാനങ്ങളിൽ പ്രവേശിപ്പിക്കപ്പെടുന്നതാണ്. അവർ തങ്ങളുടെ നാഥന്റെ അനുമതിപ്രകാരം അതിൽ നിത്യവാസികളായിരിക്കും. അവിടെവെച്ച് അവരുടെ അഭിവാദനം 'സലാം' എന്നായിരിക്കും. (14:24)

സമാധാനത്തിന്റെ സമ്മാനവും സ്വർഗ്ഗവും കിട്ടുന്ന ഈ സൽക്കർമ്മങ്ങൾ എന്താണ്? ഒന്നാമത്തെ കാര്യം അല്ലാഹുവിന് ഇബാദത്ത് ചെയ്യുക എന്നതാണ്. അതിനായിട്ടാണ് അല്ലാഹു മനുഷ്യനെ സൃഷ്ടിച്ചിട്ടുള്ളത്. അവന്റെ ദീനിന്റെ ഉന്നതിയ്ക്കായുള്ള പരിശ്രമമാണ് അത്. ദീനിനുവേണ്ടി സാമ്പത്തികവും ശാരീരികവുമായ ത്യാഗം ചെയ്യാനുള്ള പരിശ്രമമാണത്. അവന്റെ ദീൻ പ്രചരിപ്പിക്കുന്നതിനായി തബ്ലീഗിൽ പങ്കെടുക്കുക എന്നതാണത്. ദഅ്‌വത്തെ ഇലല്ലാഹ് ചെയ്യുക എന്നതാണത്. ലോകർക്ക് ഏകനായ ദൈവത്തിന്റെ യഥാർത്ഥ ചിത്രം കാണിച്ചുകൊടുക്കുക എന്നതാണത്. നന്മകൾ ഉപദേശിക്കുക എന്നതാണത്. അതിൽ ഒരുപാട് സൃഷ്ടികളോടുള്ള കടമകൾ വരുന്നുണ്ട്. അതിനെക്കുറിച്ച് പറഞ്ഞു: ***തഅ്മുറൂന ബിൽ മഅ്റൂഫി വ തൻഹൗന അനിൽമുൻകർ***. സത്യവിശ്വാസികൾ നന്മയെ ഉപദേശിക്കുന്നവരാണ്. തിന്മയെ തടയുന്നവരാണ്. അതുകൊണ്ട്, നമ്മളിൽനിന്ന് ദോഷങ്ങൾ അവസാനിപ്പിക്കുന്നവരും നന്മ സ്വായത്തമാക്കുന്നവരും ഉണ്ടാകുന്നതിനോടൊപ്പം സത്യവിശ്വാസി സമാധാന സന്ദേശം മറ്റുള്ളവർക്ക് എത്തിച്ചുകൊടുക്കുന്നവനുമാണ്. ഇക്കാലഘട്ടത്തിൽ ഈ അനുഗ്രഹം അഹ്മദികൾക്കു മാത്രമാണ് ലഭിച്ചിട്ടുള്ളത്. അഹ്മദി മാത്രമാണ് അതിനെ പ്രയോജനപ്പെടുത്തുന്നത്. ഈ ബഹുമതി ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ച അഹ്മദികൾക്ക് മാത്രമാണുള്ളത്. ഇസ്‌ലാമിന്റെ സ്നേഹത്തിന്റേയും മൈത്രിയുടേയും സന്ദേശത്തെ ലോകത്തിന്റെ മുക്കിലും മൂലയിലും എത്തിക്കാൻ അവർ ശ്രമിക്കുന്നു. സൽക്കർമ്മം ചെയ്യുന്നതിൽ ഏറ്റവും പ്രധാനപ്പെട്ടത് ബന്ധുക്കളോടുള്ള സൽപെരുമാറ്റമാണ്. അതുമുഖേന സമാധാനത്തിന്റെ സന്ദേശം എല്ലാ ഭാഗത്തും പരക്കുന്നതാണ്. പരസ്പരമുള്ള കടമകൾ നിറവേറ്റുന്നതിലേക്ക് ശ്രദ്ധിക്കുകയാണെങ്കിൽ സമൂഹത്തിൽ സമാധാനം സ്ഥാപിതമാകും. ഈ കടമകൾ നിറവേറ്റുന്നത് ഏതുപോലെ തന്റെ സഹോദരനുവേണ്ടി ചെയ്യുന്നുവോ അതുപോലെ അന്യർക്കുവേണ്ടിയും ചെയ്യേണ്ടതാണ്. പിന്നീട് സൽക്കർമ്മം ദരിദ്രരെ നോക്കി സംരക്ഷിക്കലാണ്. ഇതുമുഖേനയും എല്ലാ സ്ഥലത്തും സമാധാനത്തിന്റെ സന്ദേശം എത്തുന്നു. അമാനത്ത് പാലിക്കേണ്ടതും സൽക്കർമ്മങ്ങളിൽ പെട്ടതാണ്. വാഗ്ദാനങ്ങൾ പൂർത്തിയാക്കേണ്ടതാണ്. ഇത് സമൂഹത്തിൽ സമാധാനം വിതറുന്ന പ്രവൃത്തിയാണ്. ഇതിനെക്കുറിച്ച് വിശുദ്ധഖുർആനിൽ പറഞ്ഞിരിക്കുന്നു. സമൂഹത്തിൽ ഇന്ന് കാണുന്ന മിക്ക കുഴപ്പങ്ങളുടേയും കാരണം അമാനത്ത് പാലിക്കുന്നില്ല എന്നതാണ്. ഉടമ്പടികൾ പൂർത്തിയാക്കുന്നില്ല. സ്വന്തം അവകാശത്തെക്കുറിച്ച് മാത്രം വിചാരിച്ചാൽ പോര, മറ്റുള്ളവരുടെ അവകാശത്തെക്കുറിച്ചും വിചാരം വേണം. ഈ അവസ്ഥ ഉണ്ടായാൽ സമൂഹത്തിൽ ശാന്തിയും സമാധാനവും ഉണ്ടാകും.

വെറും അവകാശത്തെക്കുറിച്ച് മാത്രം ചിന്തിച്ചാൽ പോര. മറ്റുള്ളവർക്ക് അവകാശമില്ലാതിരുന്നിട്ടും, ഔദാര്യം ചെയ്തുകൊണ്ട് ത്യാഗം ചെയ്ത് മറ്റുള്ളവരുടെ ആവശ്യങ്ങളും ശ്രദ്ധിക്കുക. എന്നാൽ, തീർച്ചയായും സമൂഹത്തിൽ ശാന്തിയും സമാധാനവും മൈത്രിയും പരക്കുന്നതാണ്.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു, ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമർ(റ) നിവേദനം ചെയ്യുന്നു. റസൂലുല്ലാഹി(സ) പറഞ്ഞു. മുസ്‌ലിം മുസ്‌ലിമിന്റെ സഹോദരനാണ്. അവൻ അവന്റെമേൽ അക്രമം ചെയ്യുന്നില്ല. സഹായം ആവശ്യമുള്ളപ്പോൾ അവനെ തനിച്ചുവിട്ടേക്കുകയുമില്ല. ആരാണോ തന്റെ സഹോ

ദരന്റെ ആവശ്യങ്ങൾ പൂർത്തീകരിക്കുന്നതിൽ വ്യാപൃതനായിരിക്കുന്നത്, അല്ലാഹു അവന്റെ ആവശ്യങ്ങൾ പൂർത്തീകരിക്കുന്നതിൽ വ്യാപൃതനായിരിക്കും. ആരാണോ ഏതെങ്കിലും മുസ്‌ലിമിന്റെ ബുദ്ധിമുട്ട് അകറ്റുന്നത്, അല്ലാഹു പുനരുത്ഥാനനാളിന്റെ ബുദ്ധിമുട്ടുകൾ അവനിൽനിന്ന് അകറ്റുന്നതായിരിക്കും. ആരാണോ ഒരു മുസൽമാന്റെ ന്യൂനതകൾ മറച്ചുവയ്ക്കുന്നത് അല്ലാഹു അവന്റെ ന്യൂനതകളും പുനരുത്ഥാനനാളിൽ മറച്ചുവയ്ക്കുന്നതാണ്.

സൽക്കർമ്മങ്ങളിൽ മറ്റൊന്ന് സൽഭാവനയാണ്. സമൂഹത്തിൽ മിക്ക വഴക്കുകളും ഉണ്ടാകുന്നത് തെറ്റുധാരണയാലാണ്. സമൂഹത്തിലെ സമാധാനം നഷ്ടപ്പെട്ടുപോകുന്നു. ഏതെങ്കിലും കാര്യത്തിന്റെ സ്വാർത്ഥതാപരവും അയഥാർത്ഥവുമായ ഫലം കണ്ടെത്തുമ്പോഴാണ് കുഴപ്പങ്ങൾ ഉണ്ടാകുന്നത്. പല പ്രശ്നങ്ങളും ഇവിടെ വരാറുണ്ട്. രണ്ട് സഹോദരങ്ങൾ തമ്മിൽ ബന്ധം മോശമായി. തന്റെ ധനം തിന്നുവെന്ന് ഒരുത്തന് തോന്നി. അന്യരാജ്യത്ത് ആയകാരണത്താൽ, ചില കാരണങ്ങളാൽ കൂട്ടുസ്വത്തായ കാരണത്താൽ കച്ചവടം നടന്നില്ല. അപ്പോൾ, വിറ്റുതിന്നുവെന്ന് സഹോദരന് സംശയമുണ്ടായി. സ്വത്ത് കച്ചവടമായിട്ടില്ല, അതങ്ങനെതന്നെ അവിടെയുണ്ട് എന്ന് രണ്ടാമത്തെ സഹോദരൻ ലക്ഷം പ്രാവശ്യം പറഞ്ഞാലും, തെറ്റുധാരണ മനസ്സിൽ ഇടം പിടിച്ചകാരണത്താൽ അംഗീകരിക്കുന്ന പ്രശ്നമേയില്ല. ഈ തെറ്റുധാരണ പിന്നീട് സഹോദരനെ സഹോദരനിൽനിന്ന് മുറിച്ചുനീക്കുന്നു. പരസ്പരം സലാമിന്റെ സമ്മാനം കൈമാറാനുള്ള കല്പനയുടെ സ്ഥാനത്ത് വെറുപ്പിന്റേയും തെറ്റായ കാര്യങ്ങളുടേയും വികാരത്തെ വ്രണപ്പെടുത്തുന്നതിന്റേയും അസ്ത്രം എയ്തുവിടുന്നു. ഒരു അഹ്‌മദി മുസ്‌ലിം ഇതിൽനിന്ന് രക്ഷപ്പെടാൻ അങ്ങേയറ്റം പരിശ്രമിക്കേണ്ടതാണ്. സൽഭാവന വെച്ചുപുലർത്തേണ്ടതാണ്. ഭാര്യാഭർത്താക്കന്മാർ തമ്മിൽ വഴക്കുണ്ടാകുന്നു. ഇപ്രകാരംതന്നെ സമൂഹത്തിൽ മറ്റു വഴക്കുകളുമുണ്ടാകുന്നു. ഇതിൽ ചിലത് സത്യമായിരിക്കും. പക്ഷേ, അധികവും തെറ്റുധാരണ മൂലമുണ്ടാകുന്നതാണ്. അത് വീട്ടിലെ ശാന്തിയും സമാധാനവും നശിപ്പിക്കുന്നു. ഈ തെറ്റുധാരണ തന്നെയാണ്, ഇന്ന് മുസ്‌ലിംകളെ കാലത്തിന്റെ ഇമാമിനെ- ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിക്കുന്നതിൽനിന്ന് തടഞ്ഞുനിറുത്തിയിട്ടുള്ളത്. അല്ലാഹു അയച്ചയാളെ വിശ്വസിക്കാത്ത കാരണത്താൽ, ഇവർ അല്ലാഹുവിന്റെ വെറുപ്പ് വിലക്കെടുക്കുന്നവരായിത്തീരുന്നു. അതിന്റെ തിക്തഫലവും മുന്നിൽവരുന്നു. അതിപ്പോൾ അവർ അനുഭവിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

സൽക്കർമ്മങ്ങളിൽ സത്യസന്ധത ഉപയോഗിക്കുക എന്നതുമുണ്ട്. ഇത് ഒരു അഹ്‌മദി എപ്പോഴും ഓർമ്മവയ്ക്കേണ്ടതാണ്. കളവ് കാരണം ഈമാൻ അപകടത്തിൽ വീണുപോകുന്നു. അത് അല്ലാഹുവിൽനിന്ന് അകറ്റിക്കൊണ്ടുപോകുന്നു. അസ്സലാമായ അല്ലാഹുവിൽനിന്ന് അനുഗ്രഹം തേടാൻ സത്യസന്ധതയോടെ നടക്കേണ്ടത്, എന്തവസ്ഥ ഉണ്ടായാലും സ്വന്തം നഷ്ടമുണ്ടാകുന്ന കാര്യമായാലും അതിൽ ഉറച്ചുനില്ക്കുകയും ചെയ്യേണ്ടതാണ്.

പിന്നീട് മാപ്പുകൊടുക്കലാണ്. ഇതുമുഖേന ശാന്തിയും സമാധാനവും വളരുന്നു. ഇത് വളരെ അത്യാവശ്യമാണ്. ഒരഹ്‌മദി, സമൂഹത്തിൽ ഇത് നടപ്പിൽവരുത്താൻ ഒരുപാട് ശ്രമിക്കേണ്ടതാണ്. പക്ഷേ, ഞാൻ പറഞ്ഞതുപോലെ മാപ്പുകൊടുക്കുകയാണെങ്കിൽ അതുമുഖേന ശാന്തിയും സമാധാനവും വളരുന്ന നിലയിൽ ആയിരിക്കണം. എന്നാൽ, അരക്കുറ്റവാളിക്ക് മാപ്പ് കൊടുക്കുകയാണെങ്കിൽ, ചിലപ്പോൾ അവൻ സമൂഹത്തെ മുഴുവൻ നശിപ്പിക്കുന്നവനായിത്തീരും. തെറ്റുകൾ ചെയ്യുകയും ചെയ്തുകൊണ്ടേയിരിക്കുകയും ചെയ്യുന്ന ഒരുപാടാളുകൾ ഉണ്ട്. അവർക്കുവേണ്ടി ശിപാർശ ചെയ്യാനും ധാരാളമാളുകൾ ഉണ്ട്. അഹ്‌മദിയുടെ ചിന്ത ഇതിനേക്കാളുപരിയായിരിക്കേണ്ടതാണ്. കുറ്റകൃത്യം സ്ഥിരം ചെയ്തുകൊണ്ടിരിക്കുന്നവന് മാപ്പുകൊടുത്താൽ സമൂഹത്തിന് ലഭിക്കുന്നത് ബുദ്ധിമുട്ടുകൾ ആയിരിക്കും.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ''എല്ലായിടത്തും അനാവശ്യമായി, ദ്രോഹത്തെ എതിർക്കാതിരിക്കുക എന്നത് ഖുർആന്റെ പാഠമല്ല. എല്ലായിടത്തും ദ്രോഹികളേയും അക്രമികളേയും ശിക്ഷിക്കാതിരിക്കുക എന്നത് ശരിയായ നയവുമല്ല. അതിന്റെ പാഠം, പൊറുത്തുകൊടുക്കാൻ പറ്റുന്നതാണെങ്കിൽ മാത്രം പൊറുത്തുകൊടുക്കുക എന്നതാണ്. ശിക്ഷിക്കേണ്ടതാണെങ്കിൽ ശിക്ഷിക്കണം. ഏതാണോ കാലത്തിന്നാവശ്യമായിരിക്കുന്നത് അതാണ് സ്വീകരിക്കേണ്ടത്. ചില സമയത്ത് ഒരു കുറ്റവാളിക്ക് മാപ്പുകൊടുക്കുന്നതോടെ അവൻ കൂടുതൽ കുറ്റകൃത്യം ചെയ്യാൻ തുടങ്ങുന്നു. അല്ലാഹു പറയുന്നു: അന്ധന്മാരെപ്പോലെ പാപം പൊറുത്തുകൊടുക്കുക എന്നതു മാത്രം ശീലമാക്കരുത്. യഥാർത്ഥ നന്മ ഏതിലാണെന്ന് നോക്കുക. പൊറുത്തുകൊടുക്കുന്നതിലാണോ ശിക്ഷ നല്കുന്നതിലാണോ നന്മ എന്ന് നോക്കുക. സന്ദർഭാനുസരണം അനുയോജ്യമായത് സ്വീകരിക്കുക. ഈ പാഠമാണ് അല്ലാഹു

നമ്മോട് കല്പിച്ചിട്ടുള്ളത്. ലോകത്ത് ശാന്തി സ്ഥാപിക്കണം. അല്ലാതെ സമൂഹത്തിൽ ശാന്തിയും സമാധാനവും നശിക്കുന്ന തീരുമാനമെടുക്കരുത്. ഒരു മുസൽമാന്റെ യഥാർത്ഥ ജോലി സലാം പ്രചരിപ്പിക്കുക എന്നതാണ്. അതുകൊണ്ട് ശിക്ഷ കൊടുക്കുന്നതിലാണ് മറ്റുള്ളവർക്ക് സമാധാനമെങ്കിൽ ശിക്ഷ നിർബന്ധമാണ്. എന്നാൽ, ഒരു കാര്യം ഓർക്കേണ്ടതാണ്, ഒരു വ്യക്തിക്കും ശിക്ഷ കൊടുക്കാൻ അനുവാദമില്ല. കാരണം ചിലപ്പോൾ അഹങ്കാരം കാരണത്താൽ ശരിയായ തീരുമാനമെടുക്കാൻ കഴിയുകയില്ല. അതുകൊണ്ട് എപ്പോഴും കഠിനമായി പ്രവർത്തിക്കാനായിരിക്കും താൽപര്യം. അത്തരം സന്ദർഭങ്ങളിൽ എന്തെങ്കിലും കാര്യമുണ്ടായാൽ, പരസ്പരവും ചിലപ്പോൾ തൊഴിലാളിയുടെയുമൊക്കെ പ്രശ്നമുണ്ടാകാറുണ്ട്. അല്ലെങ്കിൽ നിത്യജീവിതത്തിൽ പരസ്പരം ഡീലിംഗ് നടക്കുന്നുണ്ടാകും. അപ്പോൾ പരസ്പരം വഞ്ചിക്കുക എന്നത് ചിലരുടെ നിത്യശീലമായിരിക്കും. അത്തരം കാര്യങ്ങളെ ജമാഅത്തിന്റെ മുമ്പിലോ കോടതിയിലോ കൊണ്ടുവരേണ്ടതാണ്; സമൂഹത്തിൽ സമാധാനം സ്ഥാപിക്കുക എന്ന ഉദ്ദേശ്യം പൂർത്തിയാവേണ്ടതിനാണിത്. പിന്നീട് നന്ദി പ്രകടിപ്പിക്കുന്ന ശീലമാണ്. ഇതും സൽക്കർമ്മങ്ങളിൽ ഒന്നാണ്. ഈ നന്ദിയും, സമാധാനം സ്ഥാപിക്കുന്നതിനുള്ള വലിയൊരു മാർഗ്ഗമാണ്. ഇതിൽ ഒന്ന് മനുഷ്യരോടുള്ള നന്ദി പ്രകടനമാണ്. രണ്ട് അല്ലാഹുവിനോട് നന്ദി കാണിക്കലാണ്.

മറ്റൊന്ന് നീതിയുടെ തേട്ടം പൂർത്തീകരിക്കലാണ്. നീതി സ്ഥാപിക്കലാണ്. ഏതൊരു സമുദായത്തിലാണോ നീതി സ്ഥാപിതമാകുന്നത്, നീതിയുടെ തേട്ടം പൂർത്തീകരിക്കുന്നത് അവിടെ ശാന്തിയുടേയും സമാധാനത്തിന്റേയും അന്തരീക്ഷവും ഉണ്ടാകും. അവിടെ ഇസ്ലാമിന്റെ യഥാർത്ഥ ചിത്രമായിരിക്കും ഒപ്പിയെടുക്കുന്നത്. പക്ഷേ, ദൗർഭാഗ്യത്താൽ ഇന്ന് ഒരുപാട് മുസ്ലിം രാജ്യങ്ങളിൽ നീതി ലവലേശമില്ലാതായിരിക്കുന്നു. പാക്കിസ്ഥാനിൽ എന്താണ് നടക്കുന്നതെന്ന് നോക്കുക. കോടതിയും നീതി പുലർത്തിക്കൊണ്ട് വിധി പുറപ്പെടുവിക്കുന്നില്ല. ഭരണവും നീതിയുടെ തേട്ടം പൂർത്തിയാക്കുന്നില്ല. ജഡ്ജിയാണെങ്കിൽ തന്റെ തൻപ്രമാണിത്തത്തിൽ നില്ക്കുന്നു. തന്റെ നേട്ടം കരസ്ഥമാക്കാൻ ശ്രമിക്കുന്നു. രാഷ്ട്രീയ സംഘടനകളാണെങ്കിൽ, അവർ വക്കീലുമാരുടേയും ജഡ്ജിമാരുടേയും പിന്നിൽകൂടി തങ്ങളുടെ നേട്ടത്തിനായി ശ്രമിക്കുന്നു. സ്വന്തം നേട്ടമാണ് അവർ ആഗ്രഹിക്കുന്നത്. ഭരണകൂടമാണെങ്കിൽ, നീതിയുടെ തേട്ടം പൂർത്തിയാക്കാത്ത കാരണത്താൽ, ഒന്നുമല്ലാതായിരിക്കുന്നു. ഇതിന്റെ ഫലം വന്നുപതിക്കുന്നത് ഒരു സാധാരണ പൗരന്റെ മേലാണ്. ജീവിതത്തിൽനിന്ന് കൈകഴുകിക്കൊണ്ടിരിക്കുന്ന ഒരു ദരിദ്രന്റെമേൽ. ഇതാണ് അല്ലാഹുവിന്റെ കല്പനകളനുസരിച്ച് നടക്കാത്തതിന്റെ ഫലം. മറ്റുള്ളവർ അവിടെ നില്ക്കട്ടെ, സ്വന്തം ആൾക്കാർതന്നെ ഈ സമാധാനത്തിൽനിന്ന് നിർഭാഗ്യരായിത്തീരുന്നു. മുസ്ലിം ആയിരുന്നിട്ടും അതിനെ പ്രയോജനപ്പെടുത്തുന്നില്ല. ഇതെന്താണെന്ന് ഇവർ ചിന്തിച്ചുനോക്കേണ്ടതാണ്. അല്ലാഹുവിന്റെ കല്പന പാലിക്കാത്ത കാരണത്താലാണ് ഇതുണ്ടാകുന്നതെന്നത് വ്യക്തമാണ്. ഇത് അല്ലാഹു അയച്ച ഇക്കാലത്തെ ഇമാമിനെ നിഷേധിക്കുന്ന കാരണത്താലാണ്. അദ്ദേഹത്തെ അല്ലാഹു എഴുന്നേല്പിച്ചത്, സമാധാനത്തിന്റെ സന്ദേശം ലോകത്ത് പ്രചരിപ്പിക്കുന്നതിനുവേണ്ടിയാണ്.

ഒരാൾ ദൈവനാമത്തിൽ വാദിച്ചു, സത്യവും സമാധാനവും തന്നോടൊപ്പമാണെന്ന്. സർവ്വശക്തനായ അല്ലാഹുവിന്റെ വാഗ്ദാനം തന്നോടൊപ്പമുണ്ടെന്ന് അദ്ദേഹം പറഞ്ഞു. കാലത്തിന്റെ ഇമാം ഇങ്ങനെ വിളംബരം ചെയ്യുന്നു: അല്ലാഹു എന്നെ സംബോധന ചെയ്തുകൊണ്ട് പറഞ്ഞു: നിന്നോടൊപ്പം സമാധാനമുണ്ട്. അവിടന്ന് പറയുന്നു: എന്നോട് എന്റെ അല്ലാഹു പറഞ്ഞു.

***അൽഅർളു വസ്സമാഉ മഅക്ക കമാ ഹുവ മഈ- ഖുൽല്ലിയൽഅർളു വസ്സമാഉ ഖുൽല്ലീ സലാമുൻ- ഫീ മഖ്അദി സ്വിദ്ഖിൻ ഇൻദ മലീക്കിൻമ്മുഖ്തദിരിൻ- ഇന്നല്ലാഹ മഅല്ലദീന ത്തഖവ്വല്ലദീനഹും മുഹ്സിനൂൻ- യഅ്ത്തീ നസ്റുല്ലാഹി- ഇന്നാ സനുൻദിറുൽ ആലമ കുല്ലഹൂ- ഇന്നാ സനൻസിലു- അനല്ലാഹു ലാഇലാഹ ഇല്ലാ അന-***

അതായത് ആകാശവും ഭൂമിയും നിന്നോടൊപ്പമുണ്ട്; അവ എന്നോടൊപ്പം ഉള്ളതുപോലെ. ആകാശവും ഭൂമിയും എനിക്കു വേണ്ടിയാണെന്ന് നീ പറയുക. എനിക്കായി സമാധാനമുണ്ടെന്ന് പറയുക. സർവ്വശക്തനായ ദൈവത്തിന്റെ തിരുസന്നിധിയിൽ സത്യസന്ധതയുടെ ഇരിപ്പിടത്തിലുള്ള ആ സമാധാനം. അല്ലാഹുവിനെ ഭയപ്പെടുന്നവരോടൊപ്പമാണ് അവനുള്ളത്. അതിന്റെ ഉസൂൽ ദൈവസൃഷ്ടികളോട് നന്മ പ്രവൃത്തിച്ചുകൊണ്ടിരിക്കുക എന്നതാണ്. അല്ലാഹുവിന്റെ സഹായം വന്നു. നാം എല്ലാ ലോകത്തിനും മുന്നറിയിപ്പ് നല്കും. നാം ഭൂമിയിൽ ഇറങ്ങും. ഞാൻ തന്നെയാണ് പരിപൂർണ്ണനും സത്യവാനുമായ ദൈവം. എന്നെ കൂടാതെ മറ്റാരും തന്നെയില്ല. (സിറാജെ മുനീർ, പേ: 74)

ഇതാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് അല്ലാഹു ചെയ്തിട്ടുള്ള വാഗ്ദാനം. അല്ലാഹു പറഞ്ഞതാണെന്ന് പറഞ്ഞ് അവിടന്ന് ഒരു കാര്യം പറയുന്നു. അതായത്, അല്ലാഹു തന്നോട് ഈ വാഗ്ദാനം ചെയ്തിട്ടുണ്ട് എന്ന്. അല്ലാഹുവിന്റെ സഹായം ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടൊപ്പം ഓരോ നിമിഷവും നാം കാണുന്നു. ജമാഅത്തിന്റെ പുരോഗതി ഓരോ നിമിഷവും നാം കാണുന്നു. അല്ലാഹുവിന്റെ സഹായം ഇന്ന് നമ്മോടൊപ്പം ഉണ്ടെന്നുള്ളതിന് തെളിവാണിത്. ചില സ്ഥലങ്ങളിൽ നിസ്സാരമായ പരീക്ഷണങ്ങളിൽ അഹ്മദികൾ പെടാറുണ്ട്. ഇതൊരിക്കലും ജമാഅത്തിന്റെ പുരോഗതിയിൽ തടസ്സമാകാൻ പാടില്ല. ഈ പരീക്ഷണങ്ങളിൽ അഹ്മദിയുടെ ഈമാൻ കൂടുതൽ ശക്തിപ്രാപിക്കുന്നു. അല്ലാഹു സത്യവിശ്വാസിയുടെ അടയാളമായി പറഞ്ഞതും ഇതുതന്നെയാണ്. അതുകൊണ്ട് എവിടെയൊക്കെ എതിരാളികൾ അഹ്മദികൾക്കെതിരിൽ കുഴപ്പം ഉണ്ടാക്കാൻ ശ്രമിക്കുന്നുവോ, അവർ അവരെക്കുറിച്ച് ചിന്തിക്കേണ്ടതാണ്. ഞങ്ങൾ നബി(സ)യുടെ സത്യസന്ധനായ ദാസന്റെ പിന്നാലെ നടക്കുകയാണ്. അദ്ദേഹത്തിന്റെ കോന്തല പിടിച്ചിരിക്കുകയാണ്. അദ്ദേഹത്തിന് അല്ലാഹു സമാധാനത്തിന്റെ സന്ദേശം നല്കിയിരിക്കുന്നു. അദ്ദേഹത്തോടൊപ്പം അവനുണ്ടായിരിക്കുമെന്ന് വാഗ്ദാനം ചെയ്തിരിക്കുന്നു. പക്ഷേ, നിങ്ങൾക്കും, വിശ്വസിക്കാത്ത എല്ലാവർക്കുമുള്ളത് അല്ലാഹുവിന്റെ മുന്നറിയിപ്പാണ്. ഇതിന്റെ കാഴ്ചകളും അവൻ ഇടയ്ക്കിടെ കാണിച്ചുകൊണ്ടിരിക്കുന്നു. ഇനിയും കാണിച്ചുകൊണ്ടിരിക്കും.

നിങ്ങൾ ബോധവാന്മാരാകേണ്ടതാണ്. അവർക്ക് നീതി പാലിക്കാൻ അറിയില്ല. അത് പാലിക്കാൻ അല്ലാഹുവിന്റെ കല്പനയുണ്ട്. പ്രത്യേകിച്ച് അല്ലാഹുവിനെ വിശ്വസിക്കുന്നുവെന്ന് പറയുന്നവർക്ക്. പക്ഷേ, അല്ലാഹു വാഗ്ദാനം നല്കിയവർക്ക് നീതിപാലിക്കാൻ അറിയാം. അവൻ തന്റെ ദാസനോട് വാഗ്ദാനം ചെയ്ത നീതിയും ന്യായവും പൂർത്തിയാക്കുകയും ചെയ്യുന്നു; അദ്ദേഹം എപ്പോഴും അവന്റെ സമാധാനത്തിന്റെ കീഴെ ഇരിക്കുന്നതിനുവേണ്ടി. എവിടെയൊക്കെ അഹ്മദികൾക്കെതിരിൽ എതിർപ്പുണ്ടോ, അവിടെത്തെ സാധാരണക്കാർക്കുവേണ്ടി നാം ദുആ ചെയ്യണം.

ഈ നാമമാത്ര ഉലമാഅ്ന് അല്ലാഹുവിന്റെ വിധി എന്തായാലുമുണ്ട്. അവരോട് അവൻ മോശമായിട്ട് പെരുമാറുമെന്ന് കാണാൻ കഴിയുന്നു. അതിൽ നിന്ന് അജ്ഞരായ ഭൂരിപക്ഷം സാധാരണക്കാരേയും അല്ലാഹു കാത്തുരക്ഷിക്കുമാറാകട്ടെ. ശ്രീലങ്കയിലെ അഹ്മദികൾക്കു വേണ്ടിയും പ്രത്യേകം ദുആ ചെയ്യുക. അല്ലാഹു അവരോട് കരുണ കാണിച്ചുകൊണ്ട്, അവരെ സുരക്ഷിതമാക്കി വയ്ക്കുമാറാകട്ടെ. വളരെ പ്രയാസകരമായ അവസ്ഥകളിലൂടെയാണ് അവർ പൊയ്ക്കൊണ്ടിരിക്കുന്നത്. ഇന്നും ജുമുആ നമസ്കരിച്ചത് വളരെ ടെൻഷനോടുകൂടിയാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ നല്ല നിലക്ക് ആ സമയം കഴിഞ്ഞുപോയി. ഭീഷണി ഉണ്ടായിരുന്നു. ശ്രീലങ്കയിലെ അഹ്മദികളോടും ഞാൻ പറയുകയാണ്, നിങ്ങളും ക്ഷമയുടേയും ദൃഢചിത്തതയുടേയും ചിത്രം കാഴ്ചവയ്ക്കുക. ഇൻശാഅല്ലാഹ്, അല്ലാഹുവിന്റെ വാഗ്ദാനം തീർച്ചയായും പൂർത്തിയാകും. അല്ലാഹു ഇൻശാഅല്ലാഹ്, ജമാഅത്തിനെ എപ്പോഴും സംരക്ഷിക്കുന്നതാണ്.

അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ച് നാം സൽകർമ്മം ചെയ്ത് ആ അനുഗ്രഹങ്ങളും സൗഖ്യവും കരസ്ഥമാക്കുന്നവരായിത്തീരുന്നതിനു വേണ്ടി നാം നമ്മുടെ കർമ്മങ്ങളെക്കുറിച്ച് ചിന്തിക്കേണ്ടതാണ്. അത് അല്ലാഹു സൽക്കർമ്മകാരികൾക്കുവേണ്ടി നിശ്ചയിച്ചിട്ടുള്ളതാണ്. അല്ലാഹു എല്ലാവർക്കും ഇതിന് തൗഫീഖ് നല്കുമാറാകട്ടെ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 18.5.2007 at Baithulfutuh, London

*Translated by: Muhammad Ismail, Alleppey*
Mob: 94466 56123 Resi.: 0497 3294865
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala